അങ്കമാലി ഇൻകെൽ

211 (3647) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി ഇൻകെല്ലിൽ തൊഴിൽ വകുപ്പ് മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതികളുടെ ലക്ഷ്യം എന്തെന്നും വിശദമാക്കാമോ ;

(സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകെല്ലിൽ 1,33,500 Sq. ft. built up space Lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ് ഓയിൽ & റിഗ്, മൾട്ടിസ്കിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ, ബാങ്കിംഗ് ആന്റ് ഫിനാൻസ്, ടീച്ചിംഗ്, പരമ്പരാഗത മേഖലകളായ ഹാൻഡ്ലൂം, ഫിഷറി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. പ്രസ്തുത തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് മേൽപ്പറഞ്ഞ പദ്ധതി കളുടെ ലക്ഷ്യം.

(സി) ഓയിൽ & റിഗ്, സെക്യൂരിറ്റി എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും പരിശീലനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ തുടങ്ങിയ പുതിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പങ്കാളികളെ ക്ഷണിച്ചിട്ടുണ്ട്.

കായംകുളത്തെ ഐ.റ്റി.ഐ. ഭരണിക്കാവിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ

212 (3648) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

കായംകുളത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.റ്റി.ഐ. ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ സ്ഥലത്തേക്ക് മാറ്റുന്നതിന് നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ ഇതിന്റെ പുരോഗതി എന്തെന്നും വിശദമാക്കാമോ ?

ഉത്തരം

പരിശോധിച്ചുവരുന്നു.

കയറ്റിറക്ക് റേറ്റുകൾ

213 (3649) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളുടെ കയറ്റിറക്ക് സംബന്ധിച്ച് പുതിയ റേറ്റുകൾ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ലേബർ കമ്മീഷണർമാർ അംഗീകരിച്ച കയറ്റിറക്ക് റേറ്റുകൾ ഓരോ ജില്ലയ്ക്കും പ്രത്യേകം തയ്യാറാക്കിയിട്ടുണ്ടോ ; തിരുവനന്തപുരം, കോട്ടയം ജില്ലകളുടെ പുതിയ കയറ്റിറക്ക് നിരക്ക് ലഭ്യമാക്കാമോ ;

(സി) പുതിയ കയറ്റിറക്ക് നയം സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 10 ജില്ലകളിൽ പുതിയ റേറ്റുകൾ അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂലിനിരക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഉണ്ട്. തിരുവനന്തപുരം, കോട്ടയം ജില്ലകളുടെ പുതിയ കയറ്റിറക്ക് നിരക്ക് അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഇല്ല.

(ഡി) (സി) പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly